പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2239 — 11.06.2018 ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുവാൻ സർക്കാർ നടത്തുന്ന ഇടപെടൽ ഫലപ്രദമാകാത്തത് മൂലം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്ന് ജനജീവിതം ദുസ്സഹമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഇല്ല. സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വഴി വില നിയന്ത്രണം സാധ്യമാവുകയും നിത്യോപയോഗ സാധനങ്ങൾ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ ലഭ്യമാവുകയും ചെയ്തുവരുന്നു. |
| (ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനംപ്രതി കുത്തനെ കൂട്ടുന്ന കേന്ദ്രനയവും അതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന അധികവില്പന നികുതി സംസ്ഥാന സർക്കാർ ഉപേക്ഷിക്കാത്തതും വിലവർദ്ധനയ്ക്ക് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; | | |
| (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയം മൂലമുള്ള രൂക്ഷമായ വിലക്കയറ്റത്താൽ കഷ്ടത അനുഭവിക്കുന്ന സാധാരണ ക്കാർക്ക് ആശ്വാസം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിനായി വിപണി ഇടപെടൽ സംവിധാനം വഴി 14 ഇനം അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 20 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില കഴിഞ്ഞ 2 വർഷക്കാലമായി വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ